# ഒ ലാബ്സ് ഹാക്കത്തോൺ ഗ്രാന്റ് ഫിനാലെ അമൃതപുരിയിൽ സമാപിച്ചു

**കരുനാഗപ്പള്ളി:** അമൃത വിശ്വവിദ്യാപീഠം അമൃതപുരി ക്യാമ്പസിലെ സ്കൂൾ ഓഫ് കമ്പ്യൂട്ടിങ്ങിന്റെയും അമൃത ക്രിയേറ്റിന്റെയും ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഒ ലാബ്സ് ഹാക്കത്തോൺ നാഷണൽ ലെവൽ ഗ്രാന്റ് ഫിനാലെ അമൃത കോർപറേറ്റ് ആന്റ് ഇൻഡസ്ട്രി റിലേഷൻസ് വിഭാഗം ചെയർപേഴ്സൺ ബ്രഹ്മചാരി വിശ്വനാഥാമൃത ചൈതന്യ നിർവഹിച്ചു. ചടങ്ങിൽ സ്കൂൾ ഓഫ് കമ്പ്യൂട്ടിങ്ങ് അസോസിയേറ്റ് ഡീൻ ഡോ. പ്രേമ നെടുങ്ങാടി, സി എസ് ഇ വിഭാഗം ചെയർപേഴ്സൺ ഡോ. ജെ സ്വാമിനാഥൻ, സി എസ് ഇ - ആർട്ടിഫിഷ്യൽ ഇന്റലിജന്റ്സ് വിഭാഗം ചെയർപേഴ്സൺ ഡോ. എം ഗീത, അസിസ്റ്റന്റ് പ്രൊഫസർമാരായ പി കെ ബിനു, ഡോ. ദിവ്യ ഉദയൻ, എന്നിവർ പങ്കെടുത്തു.

അമൃതപുരി ക്യാമ്പസിൽ രണ്ടു ദിവസങ്ങളിലായി സംഘടിപ്പിച്ച ഗ്രാന്റ് ഫിനാലെയിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള സർവകലാശാലകളിൽ നിന്നുമായി ഇരുന്നൂറിലധികം ടീമുകളാണ് പങ്കെടുത്തത്. നാഷണൽ ലെവൽ ഗ്രാന്റ് ഫിനാലെയിൽ അമരാവതി അമൃത സ്കൂൾ ഓഫ് എഞ്ചിനീയറിങ്ങിനാണ് ഒന്നാം സ്ഥാനം ലഭിച്ചത്.

ആർ. കനിഷ്ക, അർകപ്രവ മുഖർജി, പി. കാർത്തികേയ, സായ് കൗശിക് പദാർത്ഥി എന്നിവരടങ്ങുന്ന ടീമാണ് ഒരു ലക്ഷം രൂപയുടെ ക്യാഷ് അവാർഡും പ്രശസ്തി പത്രവും സ്വന്തമാക്കിയത്. കോയമ്പത്തൂർ ക്യാമ്പസിലെ അനിരുദ്ധ് വാര്യർ, ഡാലി കൃഷ്ണൻ പ്രീതം റെഡ്ഡി, എ. പ്രിഥ്വി എന്നിവരുടെ ടീമിന് രണ്ടാം സ്ഥാനവും അമൃതപുരി ക്യാമ്പസിലെ ഡേവിഡ് ഷിബു, അഭിനവ് തൈവളപ്പിൽ, കാർത്തിക് കിഷോർ, എന്നിവരടങ്ങുന്ന ടീമിന് മൂന്നാം സ്ഥാനവും ലഭിച്ചു.

കേന്ദ്ര വിദ്യാഭ്യാസ വകുപ്പ് മന്ത്രാലയം, കേന്ദ്ര ഇലക്ട്രോണിക്സ് ആന്റ് ഐടി വകുപ്പ് മന്ത്രാലയം എന്നിവയുടെ സഹകരണത്തോടുകൂടി ടെക്നോളജി, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്നിവ അടിസ്ഥാനമാക്കി സംഘടിപ്പിച്ച ഹാക്കത്തോണിൽ നാലുലക്ഷത്തോളം രൂപ വിജയികൾക്ക് ലഭിക്കും.



**അമൃത കോർപറേറ്റ് ആന്റ് ഇൻഡസ്ട്രി റിലേഷൻസ് വിഭാഗം ചെയർപേഴ്സൺ ബ്രഹ്മചാരി വിശ്വനാഥാമൃത ചൈതന്യ ഒ ലാബ്സ് ഹാക്കത്തോൺ ഗ്രാന്റ് ഫിനാലെയുടെ ഉദ്ഘാടനം നിർവഹിക്കുന്നു**